**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 1510 — 15.06.2012 ൽ മറുപടിയ്ക്ക്

**എം. റ്റി. ബാബുവിന്റെ മകന് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി**

**ചോദ്യം**

**ശ്രീ.എ.എം. ആരിഫ്**

**ഉത്തരം**

**ഡോ. എം.കെ. മുനീർ**

**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

| | | | |
|---|---|---|---|
| എ) | കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്കായി അരൂർ മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്തിലെ ശ്രീ. എം. റ്റി. ബാബു മംഗലത്ത്, തൃച്ചാറ്റുകുളം പി.ഒ. എന്നയാളുടെ മകൻ അഭിനവ് ബാബുവിന് വേണ്ടി നല്കിയ അപേക്ഷയിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ; | എ | കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയ്ക്കായി അരൂർ മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്തിലെ ശ്രീ. എം.റ്റി ബാബുവിന്റെ മകൻ അഭിനവ് ബാബുവിന്റെ അപേക്ഷ ലഭിച്ചതിനെ തുടർന്ന് പദ്ധതി മാനദണ്ഡങ്ങൾ അനുസരിച്ച് ടി അപേക്ഷ പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി എറണാകുളം റീജിയണൽ ടെക്നിക്കൽ കമ്മിറ്റിയ്ക്ക് 06/03/2012 ന് അയച്ചു കൊടുത്തിട്ടുണ്ട്. റീജിയണൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനക്കു ശേഷം അപേക്ഷ തിരികെ ലഭിച്ചിട്ടില്ല. |
| ബി | പ്രായം കൂടുന്നതിനനുസരിച്ച് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയുടെ വിജയ സാധ്യത കുറയുമെന്നതിനാൽ മകന് 5 വയസ്സാകുന്നതിന് മുൻപ് സർജറി നടത്തുന്നതിനായി ശ്രീ. എം.റ്റി. ബാബു നൽകിയ അപേക്ഷയിൻമേൽ സത്വര നടപടികൾ സ്വീകരിക്കുമോ ? | ബി | കുട്ടിക്ക് 5 വയസ്സ് കഴിഞ്ഞ ശേഷമാണ് അപേക്ഷ സമർപ്പിച്ചത്. 5 വയസ്സ് കഴിഞ്ഞ കുട്ടികൾക്ക് സർജറിയുടെ വിജയ സാധ്യത വളരെ കുറവാണ്. എങ്കിലും റീജിയ ണൽ ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്യുകയാണെങ്കിൽ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്. |

R. Vijayan

സെക്ഷൻ ഓഫീസർ